# ഒന്നാം പാദവാർഷിക പ്പരീക്ഷ
# നിയമാവലി

1. വിദ്യാർത്ഥികൾ  പരീക്ഷ തുടങ്ങുന്നതിന് അരമണിക്കൂർ മുൻപ് മാത്രമേ സ്കൂളിൽ എത്തേണ്ടതുള്ളൂ
2. ആദ്യദിവസം എത്തിയാൽ അവനവന്റെ പരീക്ഷാറൂമും സീറ്റും ഏതെന്ന് കണ്ടുപിടിക്കുക . ( എട്ടാം ക്ലാസിലെ വിദ്യാർത്ഥികളെ സംബന്ധിച്ച്  ഇത് പുതിയ അനുഭവമായിരിക്കും )
3. പരീക്ഷാ ഹാളിലെത്തിയാൽ അതാതുദിവസത്തെ പരീക്ഷാവിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവനവന്റെ സീറ്റിലിരുന്ന്  പഠിക്കുക
4. അവനവന്റെ സീറ്റിനരികിൽ കടലാസോ മറ്റോ ഉണ്ടെങ്കിൽ അത് എടുത്ത് കളയേണ്ടതാണ് .
5. ഫസ്റ്റ് ബെൽ ( ലോങ് ബെൽ ) അടിച്ചാൽ  എല്ലാ കുട്ടികളും പരീക്ഷയെഴുതുന്നതിനാവശ്യമായ സാമഗ്രികളുമായി  അവനവന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഹാളിൽ കയറിയിരിക്കേണ്ടതാണ് .
6. സെക്കൻഡ് ബെൽ അടിച്ചാൽ ക്ലാസിൽ ടീച്ചർ വരികയും ടീച്ചറെ എണീറ്റുനിന്ന് അഭിവാദ്യം ചെയ്തശേഷം പ്രാർത്ഥന പ്രാർത്ഥനയുടെ ഈണത്തിൽ ചൊല്ലേണ്ടതുമാണ് .
7. തേർഡ് ബെൽ അടിച്ചാൽ  ടീച്ചർ കുട്ടികൾക്ക് ചോദ്യപേപ്പർ തരുന്നതായിരിക്കും

   ചോദ്യപേപ്പറിന്റെ  ഒന്ന് , മൂന്ന് എന്നി പേജുകളിൽ പേരും ക്ലാസ് നമ്പറുമെഴുതി കുട്ടി ഒപ്പിടേണ്ടതാണ് . തുടർന്നുള്ള 15 മിനുട്ടുസമയം കൂൾ ഓഫ് ടൈം ആണ് . ഈ സമയത്ത് കുട്ടി എല്ലാ ചോദ്യങ്ങളും ശ്രദ്ധയോടെ വായിക്കുക .ശേഷം സമയമുണ്ടെങ്കിൽ  ഉത്തരങ്ങളെക്കുറിച്ച് വിശകലനം ചെയ്യാവുന്നതാണ് . ഈ സമയത്ത്  ഉത്തരക്കടലാസിൽ ഉത്തരമെഴുതരുത് .
8. എല്ലാദിവസവും ഇൻസ്ട്രുമെന്റ് ബോക്സ് കൊണ്ടുവരേണ്ടതാണ്
9. ഒരേ നിറത്തിൽ മഷിയുള്ള രണ്ടു പേനകൾ ,പെൻസിൽ ,റബ്ബർ , സ്കെയിൽ ….. ( ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട സാമഗ്രികളും )തുടങ്ങിയവ ഓരോ കുട്ടിയും കൊണ്ടുവരേണ്ടതാണ്
10. പരിക്ഷാസമയത്ത് ഈ വസ്തുക്കളുടെ കൈമാറ്റം അനുവദിക്കുന്നതല്ല
11. ഉത്തരക്കടലാസിൽ മുഴുവൻ പേര് ( ഇനീഷ്യൽ സഹിതം ) സെപ്തംബർ മാസത്തെ റോൾ നമ്പർ , ക്ലാസ് , ഡിവിഷൻ , വിഷയം എന്നിവ നിർദ്ദിഷ്ട സ്ഥാനത്ത് എഴുതേണ്ടതാണ്
12. ചോദ്യപേപ്പറിൽ ടിക് മാർക്ക് ഇടൽ , ഉത്തരം എഴുതൽ തുടങ്ങിയവ ചെയ്യരുത് . ഇങ്ങനെ ചെയ്താൽ അത് കോപ്പിയടിക്കുന്നതിനുള്ള തുടക്കമായി

കരുതുകയും തക്കതായ ശിക്ഷാ നടപടികൾ നേരിടേണ്ടിവരുകയും ചെയ്യും

13. പരിക്ഷാ ഹാളിൽ ഉത്തരക്കടലാസ് കൈമാറ്റം ചെയ്യൽ , ചോദ്യക്കടലാസിൽ ഉത്തരം എഴുതി കൈമാറ്റം ചെയ്യൽ , ഡസ്കിൽ എഴുതിയിടൽ , പേപ്പറിൽ ഉത്തരം എഴുതിക്കൊണ്ടുവരൽ , ചുമരിൽ ഉത്തരം എഴുതിയിടൽ .....എന്നിവ ചെയ്യരുത് . അത്തരം കാര്യങ്ങൾ ചെയ്യുന്ന കുട്ടിയെ തുടർന്നുള്ള ഒരു പരീക്ഷയും എഴുതുവാൻ അനുവദിക്കുന്നതല്ല.
14. പരീക്ഷാഹാളിൽ പരീക്ഷയെഴുതുമ്പോൾ അന്യോന്യം സംസാരിക്കുവാൻ അനുവദിക്കുന്നതല്ല
15. ആവശ്യമെങ്കിൽ മാത്രം ഷീറ്റുകൾ വാങ്ങുക .
16. പരിക്ഷാപേപ്പറിൽ ഉത്തരങ്ങൾ നല്ല കയ്യക്ഷരത്തിൽ എഴുതുക
17. ഉത്തരമെഴുതിയ കടലാസ് ടീച്ചറെ തിരിച്ചേല്പിച്ച ശേഷം മാത്രമേ കുട്ടികൾ ഹാൾ വിട്ടു പോകാവൂ
18. പരീക്ഷക്കു നിർദ്ദേശിച്ച മുഴുവൻ സമയവും അതിനായി തന്നെ നീക്കി വെക്കേണ്ടതാണ്
19. ഉച്ച സമയത്ത് ഭക്ഷണം കഴിച്ചു കഴിഞ്ഞ് അതാത് സീറ്റിൽ വന്നിരുന്ന് അടുത്ത പരീക്ഷക്കുള്ള പഠിപ്പ് തുടങ്ങേണ്ടതാണ് . പ്രസ്തുത സമയത്ത് ഡസ്കിലോ മേശമേലോ കയറിയിരിക്കരുത്
20. കുട്ടികൾ അവനവന് നിർദ്ദേശിച്ച ക്ലാസിൽ മാത്രമേ പോകുവാൻ പാടുള്ളൂ . മറ്റ് ക്ലാസ് മുറികളിൽ പോകരുത്
21. പരീക്ഷയെഴുതിക്കഴിഞ്ഞാൽ വരാന്തയിലോ സ്കൂൾ കോമ്പൌണ്ടിലോ കൂട്ടം കൂടി നിന്ന് വർത്തമാനം പറയരുത് . വേഗം തന്നെ വീട്ടിലേക്കു പോകുക
22. എല്ലാ പരീക്ഷയും കഴിഞ്ഞാൽ എല്ലാ ചോദ്യപേപ്പറുകളും മൊത്തത്തിൽ ടാഗ് ഇട്ട് കെട്ടി സൂക്ഷിക്കേണ്ടതാണ് . പരീക്ഷ കഴിഞ്ഞുള്ള വെക്കേഷനിൽ അവയുടെ ഉത്തരങ്ങൾ അതാത് വിഷയങ്ങളുടെ നോട്ടിൽ എഴുതി വരേണ്ടതാണ് . പരീക്ഷക്കുശേഷം അവധികഴിഞ്ഞ് വരുമ്പോൾ തുടർന്നുള്ള ആഴ്ചയിൽ എല്ലാ ദിവസവും ഈ ചോദ്യപേപ്പറുകൾ ടാഗ് ചെയ്തത് കൈവശം വേണ്ടതാണ്
23. ഉത്തരക്കടലാസുകൾ തരുന്ന ദിവസം തന്നെ മാർക്കിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ ബന്ധപ്പെട്ട ടീച്ചറുമായി ചർച്ചചെയ്ത് തീർക്കേണ്ടതാണ്
24. ഉത്തരക്കടലാസുകൾ കൊടുക്കുന്ന ദിവസങ്ങളിൽ കുട്ടികൾ മുടങ്ങരുത് .
25. ഉത്തരക്കടലാസുകൾ ലഭിച്ചുകഴിഞ്ഞാൽ അവ രക്ഷിതാക്കളെ കാണിച്ച് ഒപ്പുവാങ്ങി കുട്ടികൾ കൈവശം വെക്കേണ്ടതാണ് .